**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2382** **02-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി പള്ളി-ഊരത്ത് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടിയിൽ കൂടി കടന്നു പോകുന്ന സ്റ്റേറ്റ് ഹൈവേയെയും കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡിനെയും ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട റോഡായ കുറ്റ്യാടി പള്ളി-ഊരത്ത് റോഡിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | കുറ്റ്യാടി പള്ളി-ഊരത്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കായി മൊത്തം 50 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | നൂറുകണക്കിന് ആളുകൾ ആശ്രയിക്കുന്ന മൂന്ന് കിലോമീറ്ററിൽ അധികം ദൈർഘ്യം വരുന്നതും ജനവാസമേഖലകളിലൂടെ കടന്നുപോകുന്നതുമായ പ്രസ്തുത റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കാമോ; | (ബി) | നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ബി.എം.ബി.സി. ൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത റോഡിന്റെ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി MSS ഉപയോഗിച്ചുകൊണ്ടാണ് ഉപരിതലം പുതുക്കുന്നത്. |
| (ഡി) | പ്രസ്തുത റോഡിന്റെ മുഴുവൻ ദൂരവും യാത്രയോഗ്യമാക്കുന്നതിനുള്ള പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | (ഡി) | നിലവിൽ ഈ റോഡിന്റെ മുഴുവൻ ദൂരവും ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ